(ബി) ഇതുവരെ ആകെ എത്ര അംഗങ്ങൾ അതിൽ ചേർന്നിട്ടുണ്ട്; ഷെയർ ഇനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(സി) 1980-81-ൽ എത്രപേർക്ക് വീടുവയ്ക്കാൻ വായ്പ കൊടുക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്;

(ഡി) ഇതുവരെ എത്രപേർക്ക് വായ്പ നൽകി;

(ഇ) എത്രപേർ വായ്പയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്;

(എഫ്) വായ്പ നൽകുന്നതിന് എന്തു മുൻഗണനാക്രമമാണ് സ്വീകരിക്കുന്നത്;

(ജി) പെൻഷൻ പറ്റാൻ കുറച്ചു സർവീസുമാത്രം ബാക്കിയുള്ള ജീവനക്കാർക്ക് വായ്പ അനുവദിക്കുന്നതിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 23-5-1980-ൽ.

(ബി) 1,795 പേർ. ഷെയർ ഇനത്തിൽ 1,79,500 രൂപ പിരിഞ്ഞുകിട്ടി.

(സി) ആയിരം പേർക്ക് വായ്പ കൊടുക്കാമെന്നാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) വായ്പ അനുവദിച്ചുതുടങ്ങിയില്ല.

(ഇ) അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയിട്ടില്ല.

(എഫ് ആൻറ് ജി) ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

സ്റ്റോഴ്സ് പർചെയ്സ് ഡിപ്പാർട്ടുമെൻറുവഴി വാങ്ങുന്ന സാധനങ്ങൾ

890 [1646] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഒരുവർഷം എത്രകോടി രൂപയ്ക്കുള്ള സാധനങ്ങൾ സ്റ്റോഴ്സ് പർചെയ്സ് ഡിപ്പാർട്ടുമെൻറുവഴി ഗവൺമെൻറ് വാങ്ങുന്നുണ്ട്;

(ബി) അർദ്ധഗവൺമെൻറ് സ്ഥാപനങ്ങൾ എത്ര തുകയ്ക്കുള്ള സാധനങ്ങൾ കഴിഞ്ഞവർഷം വാങ്ങി?

ഉത്തരം

(എ) സ്റ്റോഴ്സ് പർചെയ്സ് ഡിപ്പാർട്ടുമെൻറ് നേരിട്ട് സാധനങ്ങൾ ഒന്നും വാങ്ങുന്നില്ല. സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കാവശ്യമുള്ള സാധനങ്ങൾ സ്റ്റോഴ്സ് പർചെയ്സ് നിയമങ്ങൾക്കുവിധേയമായി ടെണ്ടർ വിളിച്ചോ, റേറ്റ് കോൺട്രാക്ട് അനുസരിച്ചോ അതത് വകുപ്പുകൾ തന്നെ വാങ്ങിക്കുകയാണ് ചെയ്യുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly